ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

**DTETVM/11146/2025-EC5 (EC)** **06-03-2026**

**പരിപത്രം.നം. 01/2026**

വിഷയം:- വിദ്യാഭ്യാസം സാങ്കേതികം -സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം -2026 പൊതു സ്ഥലം മാറ്റം - വിജ്ഞാപനം സംബന്ധിച്ച്.

സൂചന :- 1)25-02-2017 ലെ സ.ഉ.(പി) നം.03/2017/ഉഭപവ
2)05-4-2018 ലെ സ.ഉ (കൈ ) നം .10/2018/ഉ.ഭ.പ.വ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ വിവിധ തസ്തികകളിലെ ജീവനക്കാരിൽ നിന്നും പരാമർശ സർക്കാർ ഉത്തരവുകൾ പ്രകാരം 2026 ലെ പൊതു സ്ഥലംമാറ്റത്തിൻറെ അപേക്ഷകൾ ഓൺലൈൻ മുഖേന ക്ഷണിക്കുന്നു .സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ തീയതികൾ ചുവടെ ചേർക്കുന്നു.

2026 ലെ സ്ഥലംമാറ്റ നടപടികളുടെ ഷെഡ്യൂൾ ചുവടെ ചേർക്കുന്നു .

| ക്രമനം | നടപടി | നിർവഹണം | അനുവദിച്ചിരിക്കുന്ന തീയതികൾ |
|---|---|---|---|
| 1 | സർവീസ് റെക്കോഡുകൾ പ്രകാരം SPARK ൽ നല്കിയിരിക്കുന്ന വിവരങ്ങൾ ശരിയാണോ എന്ന് പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തുക | സ്ഥാപനങ്ങൾ -DDO/എസ്റ്റാബ്ലിഷ്മെൻറ് യൂസർ -SPARK | 10-03-2026 നു മുൻപായി |
| 2 | SPARK ലെ അപ്ഡേഷൻ<br>(1) 2026ൽ SPARK വഴി പുതുതായി പൊതുസ്ഥലം മാറ്റം നടത്തുന്ന തസ്തികയിലുള്ള ജീവനക്കാരുടെ തസ്തികയുടെ പേര് (Designation) കേഡർ എന്നിവ ശരിയായ രീതിയിലാണോ എന്ന് ഉറപ്പ് വരുത്തേണ്ടതും ആവശ്യമെങ്കിൽ മാറ്റി നൽകേണ്ടതുമാണ്.ഓരോ കേഡറിലും (സ്ഥലം മാറ്റാവുന്ന തസ്തികകളുടെ ഗ്രൂപ്പ് )അനുവദിച്ചിരിക്കുന്ന തസ്തികകളുടെ എണ്ണവും (Sanctioned Post) അതിലെ ജീവനക്കാരുടെ എണ്ണവും ഒഴിവുകളും കൃത്യമായി പരിശോധിച്ച് ഉറപ്പ് വരുത്തുക<br>(ii) ജീവനക്കാർ ആവശ്യപ്പ | സ്ഥാപനങ്ങൾ -DDO/എസ്റ്റാബ്ലിഷ്മെൻറ് യൂസർ -SPARK | 13-03-2026 മുതൽ 17-03-2026 വരെ |

| | | | |
|---|---|---|---|
| | െടുന്ന തിരുത്തലുകൾ സമർപ്പിച്ചിരിക്കുന്ന രേഖകൾ പ്രകാരം ആവശ്യമെങ്കിൽ **SPARK** ൽ തിരുത്തി നൽകുക . | | |
| **3** | **SPARK** ൽ നല്കിയിരിക്കുന്ന ഡാറ്റ പരിശോധിച്ച് തിരുത്തൽ വേണ്ട പക്ഷം ആവശ്യമായ രേഖകൾ ഉൾപ്പെടെ സ്ഥാപന മേധാവിക്ക് അപേക്ഷ സമർപ്പിക്കുക . | ജീവനക്കാർ | **13-03-2026** മുതൽ **17-03-2026** വരെ |
| **4** | ജീവനക്കാരുടെ ഡാറ്റയിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുക .ഡാറ്റാ ലോക്ക് ചെയ്യുക | സ്ഥാപനങ്ങൾ **-DDO**/എസ്റ്റാബ്ലിഷ്മെൻറ് യൂസർ **-SPARK** | **13-03-2026** മുതൽ **19-03-2026** വരെ |
| **5** | പൊതു സ്ഥലം മാറ്റഅപേക്ഷ **SPARK** വഴി ഓൺലൈൻ ആയി സമർപ്പിക്കുക | ജീവനക്കാർ | **19-03-2026** മുതൽ **26-03-2026** വരെ |
| **6** | ഓൺലൈൻ ആയി സമർപ്പിച്ച അപേക്ഷയുടെ ഒപ്പിട്ട പകർപ്പ് (അനുബന്ധ രേഖകൾ സഹിതം ) സ്ഥാപന മേധാവിക്ക് സമർപ്പിക്കുക | ജീവനക്കാർ | **19-03-2026** മുതൽ **26-03-2026** വരെ |
| **7** | ജീവനക്കാരിൽ നിന്നും ലഭിച്ച സ്ഥലംമാറ്റ അപേക്ഷകൾ പരിശോധിച്ച് തീരുമാനം എടുക്കുക | സ്ഥാപനങ്ങൾ **-DDO**/സ്ഥാപന മേധാവി. | **19-03-2026** മുതൽ **30-03-2026** വരെ |
| **8** | **(i)** ജീവനക്കാർ സമർപ്പിച്ച അപേക്ഷകൾ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലേക്ക് ഓൺ ലൈൻ ആയി ഫോർവേർഡ് ചെയ്യുക /നിരാകരിക്കുക **(ii)** ഡി ടി ഇ ഓഫീസിലേക്ക് അയക്കാൻ നിഷ്കർഷിച്ചിരിക്കുന്ന അപേക്ഷയുടെ ഹാർഡ് കോപ്പി (ബന്ധപ്പെട്ട രേഖകൾ സഹിതം ) സ്ഥാപന മേധാവിയുടെ **remarks** രേഖപ്പെടുത്തി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ എത്തിക്കുക . | സ്ഥാപനങ്ങൾ **-DDO**/സ്ഥാപന മേധാവി. | **19-03-2026** മുതൽ **08-04-2026** വരെ |
| | സ്ഥാപനങ്ങൾ ഫോർവേർഡ് ചെയ്ത ഓൺലൈൻ അപേക്ഷകൾ സാങ്കേതിക വി | **State Level Officer-SPARK Gene** | **19-03-2026** മുതൽ **09-04-2026** |

| | | | |
|---|---|---|---|
| **9** | ദ്യാഭ്യാസ വകുപ്പിൽ സ്വീകര ിക്കുക /നിരാകരിക്കുക | **ral Transfer 2026** | വരെ |
| **10** | അനുകമ്പാർഹമായ കാര ണങ്ങളാലുള്ള സ്ഥലം മാറ്റ അപേക്ഷകൾ .പൊതു താൽപര്യാർത്ഥമുള്ള സ്ഥലം മ ാറ്റങ്ങൾ ,കോടതി വിധിയുടെ അടിസ്ഥാനത്തിലുള്ള സ്ഥലം മാറ്റങ്ങൾ ,നിർബന്ധിത സ്ഥലം മാറ്റങ്ങൾ (അച്ചടക്ക നടപടികളുടെ അടിസ്ഥാനത്തിൽ ുള്ളതുൾപ്പടെ ) എന്നിവയിൽ തീർപ്പ് കൽപ്പിക്കുക . | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ -ബന്ധപ്പെട്ട സെക്ഷൻ **/Transferring authority/Director/State Level Officer in SPARK** | **18-04-2026** |
| **11** | പൊതു സ്ഥലം മാറ്റത്തിൻറ െ കരട് ലിസ്റ്റ് പ്രസിദ്ധീകര ിക്കുക | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ -ബന്ധപ്പെട്ട സെക്ഷൻ **/Transferring authority/Director/State Level Officer in SPARK** | **28-04-2026** നു മുൻപായി |
| **12** | പൊതു സ്ഥലം മാറ്റത്തിൻറ െ കരട് ലിസ്റ്റിൻമേൽ പരാതിയുള്ള പക്ഷം പരാതി സമർപ്പിക്കുക (**SPARK**മുഖേന മാത്രം ,അല്ലാതെ വരുന്ന പരാതികൾ സ്വീകരിക്കുന്നതല ്ല .) | ജീവനക്കാർ | പൊതു സ്ഥലം മാറ്റത്തിൻറെ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചു ഒരാഴ് ചയ്ക്കകം. |
| **13** | പരാതികൾ പരിശോധിച്ച് തീർപ്പാക്കി പൊതു സ്ഥലം മാറ്റത്തിൻറെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുക . | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ -ബന്ധപ്പെട്ട സെക്ഷൻ **/Transferring authority/Director/State Level Officer in SPARK** | **31-05-2026** നു മുൻപായി |

ഓൺലൈൻ പൊതു സ്ഥലം മാറ്റത്തിനുള്ള അപേക്ഷ **SPARK** പോർട്ടൽ (**https://www.spark.gov.in/webspark**) വഴി ഷെഡ്യൂളിൽ നൽകിയിരിക്കുന്ന നിർദ്ദിഷ്ട തീയതിക്ക് മുൻപായി ഓൺലൈൻ ആയും ഒപ്പിട്ട കോപ്പി (**Signed printout**) ബന്ധപ്പെട്ട രേഖകളോട് കൂടി സ്ഥാപന മേധാവിക്കും ജീവനക്കാർ നല്കേണ്ടതാണ് .അനുകമ്പാർഹമായ കരണങ്ങളാൽ അപേക്ഷ നൽകുന്ന ജീവനക്കാരും കോടതി വിധി പ്രകാരം സ്ഥലം മാറ്റം അപേക്ഷിക്കുന്ന ജീവനക്കാരും പ്രഥമഗണനീയ വിഭാഗത്തിൽപെട്ട ജീവനക്കാരും അപേക്ഷയോടൊപ്പം തങ്ങളുടെ അവകാശം (**claim**) സ്ഥിരീകരിക്കുന്ന രേഖകളും നിർദ്ദിഷ്ട തീയതിക്ക് മുൻപായി സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതാണ് .

സ്ഥാപന മേധാവി ജീവനക്കാർ സമർപ്പിച്ച അപേക്ഷകളും രേഖകളും പരിശോധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ  അറിയിക്കുന്നതിനായി അഭിപ്രായം (**remarks**)

രേഖപ്പെടുത്തി അയക്കുന്നതിന് (forward) ശിപാർശ ചെയ്യുകയോ, നിരസിക്കാൻ മതിയായ കാരണങ്ങളുണ്ടെങ്കിൽ നിരസിക്കുകയോ ചെയ്യാവുന്നതാണ് . ഓൺലൈൻ ആയി ലഭിച്ചിരിക്കുന്ന എല്ലാ അപേക്ഷകളും ,മേൽ നിർദ്ദേശിച്ചിരിക്കുന്ന SPARK പോർട്ടലിലൂടെ ഓൺലൈൻ ആയി നിർദ്ദിഷ്ട തീയതിക്ക് മുൻപായി ഈ കാര്യാലയത്തിലേക്ക് ഫോർവേഡ് ചെയ്യേണ്ടതാണ് .അനുകമ്പാർഹമായ കാരണങ്ങളാലുള്ള അപേക്ഷകളും കോടതിവിധി പ്രകാരം സ്ഥലം മാറ്റത്തിനുള്ള അപേക്ഷകളും മാത്രം (ഒപ്പിട്ട പകർപ്പ്) സ്ഥാപന മേധാവിയുടെ അഭിപ്രായത്തോടും അപേക്ഷകൻ സമർപ്പിച്ചിരിക്കുന്ന അനുബന്ധ രേഖകളോടൊപ്പം നിർദ്ദിഷ്ട തീയതിക്ക് മുൻപായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതാണ് .മറ്റ് അപേക്ഷകളും ം അനുബന്ധ രേഖകളും സ്ഥാപനത്തിൽ തന്നെ സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്ന പക്ഷം മാത്രം അയച്ചുതരേണ്ടതുമാണ്. .പൊതു സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് കരട് ലിസ്റ്റുകളും ഉത്തരവുകളും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻറെ വെബ്സൈറ്റിൽ(www.dtekerala.gov.in) പ്രസിദ്ധീകരിക്കുന്നതാണ്.സ്ഥലംമാറ്റ നടപടിക്രമങ്ങൾ നിശ്ചയിച്ചിരിക്കുന്ന കാലയളവിനുള്ളിൽ സമയ ബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ് .
പരിപത്രം എല്ലാ ജീവനക്കാരുടേയുംശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട് എന്ന വിവരം സ്ഥപന മേധാവികൾ ഉറപ്പ് വരുത്തേണ്ടതാണ് .

സംശയ നിവാരണത്തിനായി **0471-2561300** എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ് .

**Dr JAYAPRAKASH P**
**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ DDO-മാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖേന).
2. പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ((www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖേന).
3. കോൺ ഫിഡൻഷ്യൽ അസ്സിസ്റ്റൻറ് (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ,സീനിയർ ജോയിൻറ് ഡയറക് ടർ (ഇ സി എസ്),സീനിയർ ജോയിൻറ് ഡയറക് ടർ (പി എസ്) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ,സീനിയർ ഫിനാൻസ് ഓഫീസർ

4 അഡ്മിനിസ്ട്രേറ്റീവ് അസ്സിസ്റ്റൻറ് I & II
5 IT ഡിവിഷൻ ഉദ്യോഗസ്ഥർ
6 ജീവനക്കാര്യം EA,EB EC & ED

Digitally signed by
Jayaprakash P
Date: 06-03-2026
11:43:15